സഈദ് ഉമരി മുത്തനൂർ

# പ്രാർഥനകൾ സഫലമാകാതിരിക്കില്ല

عَنْ أَبِي سَعِيدِ الخُدْرِي رَضِيَ للهُ عَنه أَن النبِي صَلى للهُ عَلَيْهِ وَسَلم قَالَ: مَا مِنْ مُسْلِمٍ يَدْعُو بِدَعْوَةٍ لَيْسَ فِيهَا إِثْمٌ وَلَا قَطِيعَةُ رَحِمٍ، إِلَّا أَعْطَاهُ اللَّه بِهَا إِحْدَى ثَلَاثٍ إِمَّا أَنْ تُعَجَّلَ لَهُ دَعْوَتُهُ، وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الْآخِرَةِ، وَإِمَّا أَنْ يَصْرِفَ عَنْهُ مِنَ السُّوءِ مِثْلَهَا، قَالُوا: إِذًا نُكْثِرُ؟، قَالَ: اللَّه أَكْثَرُ - رواه أحمد والحاكم

**അബൂ സഈദിൽ ഖുദ്‌രി(റ)യിൽനിന്ന്. നബി (സ) പറഞ്ഞു: ''പാപം ചെയ്യലോ കുടുംബ ബന്ധം മുറിക്കലോ ഇല്ലെങ്കിൽ ഏതൊരു മുസ്‌ലിമിന്റെയും പ്രാർഥനക്ക് അല്ലാഹു മൂന്നിലൊരു തരത്തിൽ ഉത്തരം നൽകാതിരിക്കില്ല. ഒന്നുകിൽ ഉടനടി അവന്റെ പ്രാർഥന സഫലമാക്കി കൊടുക്കും. അല്ലെങ്കിൽ ആ പ്രാർഥനയുടെ ഫലം അവന് വേണ്ടി പരലോകത്തേക്ക് നീട്ടിവെക്കും. അതുമല്ലെങ്കിൽ അവൻ പ്രാർഥിച്ച നേട്ടത്തിന് തുല്യമായ ഒരു നഷ്ടത്തെ അല്ലാഹു അവനിൽനിന്ന് നീക്കിക്കളയും.'' അവർ ചോദിച്ചു: ''എങ്കിൽ ഞങ്ങൾ പ്രാർഥന വർധിപ്പിച്ചോട്ടേ?'' തിരുമേനി: ''തീർച്ചയായും, അല്ലാഹു ഏറെയേറെ നൽകുന്നവനാണ്'' (അഹ്മദ്, ഹാകിം).**

പ്രാർഥനകളാണ് ആരാധനകളുടെ ആധാരശില. മനുഷ്യനും ദൈവത്തിനുമിടക്കുള്ള പാലമാണ് പ്രാർഥന. ഇടയാളനില്ലാതെ, ഇടനിലക്കാരനില്ലാതെ ഏതൊരു മനുഷ്യനും ആവശ്യമുള്ള എന്തും ചോദിച്ചും പറഞ്ഞും പരിഭവപ്പെട്ടും പരാതി ബോധിപ്പിച്ചും നേടിയെടുക്കാം. അല്ലാഹുവിലേക്ക് ഉയർത്തിയ കൈ ഒരിക്കലും വെറുതെയാവില്ല. വെറും കൈയോടെ അല്ലാഹു മടക്കില്ല. മുടക്കമില്ലാതെ പ്രപഞ്ചത്തെ പരിപാലിക്കുന്നവനാണല്ലോ അവൻ.

'ഞാനെന്റെ വേദനയും വേവലാതിയും പരാതിയായി അല്ലാഹുവിന്റെ മുന്നിൽ സമർപ്പിക്കുന്നു' എന്ന യഅ്ഖൂബ് നബിയുടെ പ്രാർഥന ഖുർആൻ (12:86) ഉദ്ധരിക്കുന്നുണ്ടല്ലോ. ''നബിയേ, എന്റെ ദാസന്മാർ എന്നെക്കുറിച്ച് താങ്കളോട് ചോദിച്ചാൽ ഞാനവരുടെ ചാരത്തുതന്നെയുണ്ട്. പ്രാർഥിക്കുന്നവൻ എന്നോട് പ്രാർഥിച്ചാൽ ആ പ്രാർഥന കേട്ട് ഞാൻ ഉത്തരം നൽകുന്നു'' (2:186).

എന്നാൽ എല്ലാ പ്രാർഥനക്കും ഉടൻ ഫലം ലഭിച്ചേക്കില്ല. യുക്തിമാനായ അല്ലാഹു തന്റെ അടിമയുടെ അടിയന്തരാവശ്യം നിർവഹിച്ചു കൊടുക്കും. ചിലപ്പോൾ പെട്ടെന്ന് ഉത്തരം കിട്ടുന്നത് ആ വ്യക്തിക്ക് തന്നെ പ്രയാസകരമായേക്കും. മരണാനന്തരം പ്രതിഫലമായി ലഭിക്കുന്നതായിരിക്കുമല്ലോ കൂടുതൽ ഉത്തമം. ദുൻയാവിൽ ഒരു പ്രാർഥനക്കും ഉത്തരം കിട്ടേണ്ടായിരുന്നു, തന്റെ എല്ലാ പ്രാർഥനകൾക്കുമുള്ള ഉത്തരം ഇപ്പോൾ ലഭിച്ചാൽ മതിയായിരുന്നു എന്ന് പരലോകത്ത് വെച്ച് ആളുകൾ ചിന്തിക്കും എന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. ആരും ഒന്നും സഹായിക്കാനില്ലാത്ത മഹ്ശറയിൽ പ്രാർഥനകളുടെ ഫലം കാരുണ്യമായി വർഷിക്കുമ്പോൾ അത്ര വലിയ നിധി പിന്നെ വേറെ വല്ലതുമുണ്ടോ! ഇനിയും ചിലപ്പോൾ നാം അകപ്പെട്ട ഒരു കെടുതിയിൽനിന്ന് അല്ലെങ്കിൽ ക്ലേശത്തിൽനിന്ന് നമ്മെ രക്ഷപ്പെടുത്തിക്കൊണ്ടായിരിക്കും പ്രാർഥനയുടെ ഫലം വരിക. ഈ ലോകത്ത് നാം ഒറ്റപ്പെടുകയും എല്ലാ അത്താണിയും പിടിവള്ളിയും വിട്ട് ഭഗ്നാശരായിത്തീരുകയും ചെയ്യുന്ന സമയത്താകാം പ്രാർഥനയുടെ ഫലം വന്നണയുക.

ഇത്രയും പ്രാധാന്യം പ്രാർഥനക്കുണ്ടെങ്കിൽ ഞങ്ങൾ പ്രാർഥന അധികരിപ്പിക്കട്ടെയോ എന്ന് സ്വഹാബികൾ ആരാഞ്ഞു. അപ്പോൾ നബി: നിങ്ങൾ പ്രാർഥനയുടെ അളവ് കൂട്ടുമ്പോൾ കാരുണ്യവാനായ അല്ലാഹു കൂടുതൽ തരും, അവന്റെ കാരുണ്യം നിങ്ങൾക്ക് മീതെ ചിറക് വിരുത്തിപ്പറക്കും എന്ന് വിശദീകരിക്കുന്നു.

പക്ഷേ ഹദീസിൽ സൂചിപ്പിച്ചതുപോലെ, ഒരു പാപം ചെയ്യാൻ സഹായം അഭ്യർഥിച്ചോ കുടുംബബന്ധം തകർക്കുന്ന കാര്യത്തിനോ ആവരുത് ആ പ്രാർഥന. അപ്രകാരം തന്നെ ഹറാമായ ധനം ഭുജിച്ചും രുചിച്ചും ഹറാമിൽ രമിച്ചും കഴിയുന്നവർ 'യാ റബ്ബ് യാ റബ്ബ്' എന്ന് വിളിച്ചിട്ട് കാര്യമേതുമില്ല. കാരണം അവൻ അടിമുടി ഹറാമിൽ അകപ്പെട്ടിരിക്കുന്നു. പിന്നെ എവിടെന്നാണ് അവന് ഉത്തരം കിട്ടുക (ഹദീസ്).

ഒരാളും നിരാശപ്പെടരുതെന്ന് ഖുർആൻ പറയുന്നു: ''ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശരാകരുത്'' (*അസ്സുമർ* 53). 'പരിധിവിട്ട് പോയ എന്റെ അടിയാറുകളിൽ വിളംബരപ്പെടുത്തുക' എന്ന് പറഞ്ഞുകൊണ്ടാണ് ഈ പ്രഖ്യാപനം അല്ലാഹു നടത്തുന്നത്. ഉത്തരം കിട്ടുമെന്ന ഉത്തമ വിശ്വാസത്തോടെ പ്രാർഥിക്കണം. ഒരു നബി വചന

ത്തിൽ ഇങ്ങനെയുണ്ട്: ''അല്ലാഹു ഉറപ്പ് നൽകുന്നു. ആദമിന്റെ മകനേ നീ ദുആ ഇരക്കുകയും നമ്മിൽനിന്ന് നല്ലത് പ്രതീക്ഷിക്കുകയും ചെയ്യുന്ന കാലത്തോളം നീ എന്തു ചെയ്താലും അത് കാര്യമായെടുക്കാതെ നാം നിനക്ക് പൊറുത്തുതരും. മനുഷ്യ പുത്രാ! നിന്റെ പാപങ്ങൾ ആകാശത്തോളം കുമ്പാരമായിക്കിടക്കുന്നുണ്ടെങ്കിലും നീ ചോദിച്ചാൽ ഞാൻ തരും. മനുഷ്യാ ഈ ഭൂമി മുഴുവൻ വ്യാപിച്ച പാപവുമായി എന്നെ നീ സമീപിച്ചാലും എന്നിൽ ആരെയും പങ്കുചേർക്കാതെയാണ് വരുന്നതെങ്കിൽ നിന്റെ പാപത്തിന്റെ തോതിൽ തന്നെ പാപമോചനം നിനക്ക് ലഭിക്കും'' (തിർമിദി).

പ്രാർഥന വിശ്വാസിയുടെ കൈയിലെ മൂർച്ചയുള്ള ആയുധമാണ്. സന്ദിഗ്ധഘട്ടങ്ങളിൽ എടുത്ത് പ്രയോഗിക്കാം; ഒറ്റക്കും കൂട്ടായും. ഒരു ശക്തിയുടെയും മുടക്കോ ഉടക്കോ കാര്യമാക്കേണ്ടതില്ല. വിശ്വാസികൾ വൻ പ്രതിസന്ധികളിൽനിന്ന് രക്ഷപ്പെട്ടത് അല്ലാഹുവോട് പ്രാർഥിച്ചതിന്റെ ഫലമായിട്ട് തന്നെയാണ്. ബദ്റിലെ വിജയം ഇതിന്റെ ഒന്നാമത്തെ ഉദാഹരണം. അന്ന് എന്തായിരുന്നു സ്ഥിതി! എതിർപക്ഷത്ത് വൻ ശക്തികൾ പർവത സമാനം സർവായുധ വിഭൂഷിതരായി നിൽക്കുന്നു. ഇപ്പുറത്ത് തേഞ്ഞ ചെരിപ്പ് ധരിച്ച്, വക്ക് പൊട്ടിയ വാളുമേന്തി നന്നേ ദുർബല വിഭാഗം. ഇവിടെയാണ് കണ്ണീർ വാർത്തുകൊണ്ട് പ്രവാചകനും സ്വഹാബികളും ആകാശത്തേക്ക് കൈകളുയർത്തിയതും റബ്ബിന്റെ കടാക്ഷത്താൽ വിജയം കൊയ്തതും.

രാത്രിയുടെ അന്ത്യയാമങ്ങളിൽ അല്ലാഹു മേലാകാശത്ത് നിന്ന് താഴെ ഇറങ്ങി വന്ന് അടിമകളുടെ പരാതികളും പ്രാർഥനകളും കേൾക്കാൻ കാത്തിരിക്കുന്നു. ആവശ്യങ്ങൾ ചോദിച്ച് വാങ്ങാൻ കിടക്കപ്പായ വിട്ടെഴുന്നേൽക്കാൻ വിശ്വാസി തയാറാകണമെന്നു മാത്രം. നമ്മുടെ എല്ലാ പരാതികളും പരാധീനതകളും അല്ലാഹുവിങ്കൽ സമർപ്പിച്ച് നോക്കൂ. പരിഹാരമുണ്ടാകും.

പ്രത്യേക ഓഫറുകളുമായാണ് നോമ്പ് വന്നണയുന്നത്. അപ്പോഴും അല്ലാഹു പറയും, 'തെറ്റ് ചെയ്തവരേ വരൂ, വിട്ടുതരാം. നന്മ പ്രതീക്ഷിക്കുന്നവരേ ഓടിവരൂ. നന്മകളുടെ പൂക്കൾ വാരിവിതറാം.' സലഫുകളിൽ പെട്ട ഒരു പണ്ഡിതനോട് ഒരാൾ ചോദിച്ചു: 'താങ്കളും താങ്കളുടെ ദീനും എങ്ങനെ?' അദ്ദേഹം: 'ദീനിനെ പാപങ്ങൾ കീറിപ്പറിക്കുന്നു. പാപമോചന പ്രാർഥന (ഇസ്തിഗ്ഫാർ) കൊണ്ട് ഞാനതിനെ തുന്നിച്ചേർക്കാൻ യത്നിക്കുന്നു.'

قيل لأحد السلف: كيف أنت ودينك؟ فقال: تمْزِقُهُ المعاصي، وأرقّعُهُ بالاستغفار.

വിശ്വാസികൾ പ്രാർഥന കൊണ്ട് അല്ലാഹുവിന്റെ വാതായനങ്ങൾ നിരന്തരം മുട്ടണം. വ്യക്തിഗതവും സാമൂഹികവുമായ പ്രശ്നങ്ങളുടെ പരിഹാരം ഏകനായ നാഥന്റെ അടുക്കൽ മാത്രം. ●